# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 488 — 03/03/2020 ൽ മറുപടിക്ക്

## കരകൗശല വികസന കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന കരകൗശല വികസന കോർപ്പറേഷനിൽ നടത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന കരകൗശല വികസന കോർപ്പറേഷനിൽ നടത്തിയ പരിഷ്കരണ പരിപാടികൾ താഴെപ്പറയുന്നു.<br>1) കണ്ണൂർ ജില്ലയിലെ കൈരളി എംപോറിയം 10 ലക്ഷം രൂപ മുതൽ മുടക്കി ആധുനികീകരിച്ചു.<br>2) 15 ലക്ഷം രൂപ മുടക്കി തിരുവനന്തപുരത്തെ പൊതുസേവന കേന്ദ്രത്തിലെ സിറ്റി ക്രാഫ്റ്റ് സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണം നടത്തി.<br>3) തിരുവനന്തപുരത്തെ എസ്.എം.എസ്.എം. പൈതൃക മന്ദിരത്തിന്റെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ, അഗ്നി നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് 30 ലക്ഷം രൂപ വിനിയോഗിച്ചു.<br>4) തിരുവനന്തപുരത്തെ പൊതു സൗകര്യ കേന്ദ്രത്തിലെ സുവനീർ വർക്ക്ഷോപ്പിലേയ്ക്ക് 6 ലക്ഷം രൂപ മുതൽമുടക്കി യന്ത്ര സാമഗ്രികൾ സ്ഥാപിച്ചു.<br>5) കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്ത് ബെൽ മെറ്റൽ ക്ലസ്റ്ററിനായി പൊതു സേവന കേന്ദ്രം ആരംഭിക്കുന്നതിന് 15 ലക്ഷം രൂപ വിനിയോഗിച്ചു.<br>6) തിരുവനന്തപുരത്തെ എസ്.എം.എസ്.എം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശതാബ്ദി മന്ദിരത്തിൽ ക്രാഫ്റ്റ് മ്യൂസിയം, തീം ഔട്ട്ലെറ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും 100 ലക്ഷം രൂപ വിനിയോഗിച്ചു. |

7) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പൊതുസൗകര്യകേന്ദ്രം സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 25 ലക്ഷം രൂപ വിനിയോഗിച്ചു.

(ബി) എന്തൊക്കെ പദ്ധതികളാണ് കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ?

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :-

1) കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ "Integrated Development and Promotion of Handicraft Sector" നടപ്പിലാക്കിവരുന്നു.

2) പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കുവാൻ പരിശീലനം നൽകുന്നതിനുമായി ഡിസൈൻ - ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തുകയുണ്ടായി.

3) പ്രകൃതിദത്ത നാരിലുള്ള പരിശീലനത്തിനായി പരിശീലനം നടത്തുകയും പ്രോട്ടോടൈപ്പുകൾ നിർമ്മിച്ചു നൽകുകയും ചെയ്തു.

4) കരകൗശലത്തൊഴിലാളികൾക്ക് സൗജന്യമായി ടൂൾ കിറ്റുകൾ വിതരണം ചെയ്തു.

5) പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

6) കേരളത്തിലെ കരകൗശല മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഹ്രസ്വ ചലച്ചിത്രം നിർമ്മിക്കുകയുണ്ടായി.

7) ഒരു പ്രത്യേക ക്രാഫ്റ്റിൽ പ്രാവീണ്യം സിദ്ധിച്ച കരകൗശല വിദഗ്ധർക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും പരിശീലിക്കുവാനും പുതിയ ഡിസൈനുകളും വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് പൊതുസേവന കേന്ദ്രങ്ങൾ കുഞ്ഞിമംഗലം, ചേർപ്പ്, കടവൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നു.

8) കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കി, ഈ മേഖലയ്ക്ക് കൂടുതൽ പ്രചാരം നൽകുന്നതിനായി മാന്നാർ ഹെറിറ്റേജ് വില്ലേജ്, അരുവിക്കരയിൽ ക്രാഫ്റ്റ് വില്ലേജ്, അട്ടക്കുളങ്ങരയിൽ മിനി ക്രാഫ്റ്റ് വില്ലേജ് എന്നിവ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

9) ഒ.ബി.സി വിഭാഗത്തിൽപ്പെട്ട കരകൗശല കലാകാരൻമാർക്ക് എൻ.ബി.സി.എഫ്.ഡി.സി പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

10) കരകൗശല ഉൽപ്പന്നങ്ങളുടെ വിപണന മേഖല വിപുലീകരിക്കുന്നതിനായി സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈറ്റ് ആരംഭിക്കുകയും ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ നടത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ